# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3662 30.01.2014-ൽ മറുപടിയ്ക്ക്

### എ.ഐ.സി.സി. ഉപാദ്ധ്യക്ഷൻ ഏർപ്പെടുത്തിയ സുരക്ഷാ ക്രമീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) എ. ഐ.സി.സി. അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധിയ്ക്ക് സംസ്ഥാന സർക്കാർ ഏത് കാറ്റഗറിയിലുള്ള സുരക്ഷാ ക്രമീകരണമാണ് സംസ്ഥാനത്ത് വന്നപ്പോൾ നൽകിയത് ; അദ്ദേഹത്തിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സുരക്ഷാ ക്രമീകരണങ്ങൾ എന്തെല്ലാമായിരുന്നു ; സുരക്ഷിതമായ സുരക്ഷാ സംവിധാനമായിരുന്നുവോ ഏർപ്പെടുത്തിയത് ; വിശദാംശം നൽകുമോ ; | (എ) എ. ഐ.സി.സി. അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി എം.പി.യ്ക്ക് ശ്രീമതി സോണിയാ ഗാന്ധിയുടെ മകൻ എന്ന നിലയിൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ സംരക്ഷണമാണ് നൽകുന്നത്. ശ്രീ. രാഹുൽ ഗാന്ധി എം.പി. 13.01.2014 – ൽ കേരളം സന്ദർശിച്ച അവസരത്തിൽ ഇത്തരം സംരക്ഷണമുള്ളവർക്ക് വേണ്ടി കേന്ദ്ര ആഭ്യന്തര വകുപ്പ് 27.05.2005 തീയതി പുറത്തിറക്കിയ ഉത്തരവ് നമ്പർ VI-23014/124/05-IS-VIII പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാർഗ്ഗ-നിർദ്ദേശങ്ങൾ അനുസരിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് സംസ്ഥാന സർക്കാർ നൽകിയിരുന്നത്. സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ഉദ്യോഗസ്ഥരെ കൂടാതെ, എസ്.ബി.സി.ഐ.ഡി. സെക്യൂരിറ്റി വിഭാഗത്തിൽ നിന്നുമുള്ള പ്ലെയിൻ ക്ലോത്ത് ഡ്യൂട്ടിക്കാരും കേരളാ പോലീസ് കമാൻഡോ സേനാംഗങ്ങളും എറണാകുളം റൂറൽ ജില്ലാ പോലീസും ആലപ്പുഴ ജില്ലാ പോലീസും ഉൾപ്പെടെ ശക്തമായ പോലീസ് സംരക്ഷണം അദ്ദേഹത്തിനു ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. കൂടാതെ ജില്ലാ പോലീസ് കുറ്റമറ്റ സുരക്ഷാ സംവിധാനങ്ങളായിരുന്നു ശ്രീ. രാഹുൽ ഗാന്ധി എം.പി. ആലപ്പുഴ ജില്ലയിലെ ചാരുംമൂട് സന്ദർശിച്ച വേളയിൽ അദ്ദേഹത്തിനായി ഏർപ്പെടുത്തിയിരുന്നത്. |
| ബി) ശ്രീ. രാഹുൽ ഗാന്ധി പോലീസ് ജീപ്പിന്റെ മുകളിൽ കയറിയത് സുരക്ഷയ്ക്ക് വേണ്ടിയാണെന്നും അദ്ദേഹത്തെ അനുഗമിക്കുന്ന കേന്ദ്ര സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തോടെയാണ് പോലീസ് ജീപ്പിന്റെ മുകളിൽ കയറാൻ ഇടയായ സാഹചര്യം ഉണ്ടായത് എന്നുമുള്ള സർക്കാരിന്റെ നിലപാട് ഏത് ചട്ടപ്രകാരമുള്ളതാണെന്ന് വ്യക്തമാക്കാമോ; | (ബി) 13.01.2014-ന് ആലപ്പുഴ ജില്ലയിലെ ചാരുംമൂടിനു സമീപം പാറ ജംഗ്ഷനിൽ വച്ച് യൂത്ത് കോൺഗ്രസ് നടത്തുന്ന യുവ കേരള യാത്രയിൽ (പദയാത്ര) അണിചേർന്ന ശ്രീ. രാഹുൽ ഗാന്ധി എം. പി. സുരക്ഷാവലയത്തിലൂടെ ഏകദേശം രണ്ടു കിലോമീറ്ററോളം നടന്നു ആദിക്കാട്ടുകുളങ്ങരയിലെത്തി. തുടർന്നു അണികളുടെ തിക്കിലും തിരക്കിലുംപെട്ട് അപകടമോ മറ്റു സുരക്ഷാ പ്രശ്നങ്ങളോ ഉണ്ടാകാതിരിക്കുവാനും, അദ്ദേഹത്തിനു സുഗമമായും സുരക്ഷിതമായും മുന്നോട്ടു പോകുന്നതിന് വേണ്ടിയും അദ്ദേഹത്തെ അനുഗമിക്കുന്ന സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ അഭ്യർത്ഥന പ്രകാരമാണ് അദ്ദേഹം വാഹനവ്യൂഹത്തിലെ രണ്ടാമത്തെ അകമ്പടി വാഹനത്തിന്റെ മുകളിൽ കയറിയത്. |

| | |
|---|---|
| | പ്രത്യേക ഏജൻസികളുടെ സംരക്ഷണയിലുള്ള വ്യക്തികൾക്ക് എത്രയും പെട്ടെന്ന് സംരക്ഷണം ഉറപ്പാക്കുക എന്നുള്ളത് ആ ഏജൻസികളുടെ പ്രഥമ കർത്തവ്യമായതിനാൽ ആണ് അവർ ഇത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടത്. ഈ അവസരത്തിൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ഉദ്യോഗസ്ഥരും കേരള പോലീസ് സേനാംഗങ്ങളും അദ്ദേഹത്തിനു സംരക്ഷണം നൽകി അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഈ സംഭവം സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായിരുന്നു. |
| (സി) ഇത്തരത്തിലുള്ള ഒരു സംഭവം സംസ്ഥാനത്തെ പോലീസ് ഡിപ്പാർട്ട്മെന്റിൽ മുമ്പ് ഉണ്ടായിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ ? | (സി) ഇത്തരം ഒരു സംഭവം ഇതിനു മുമ്പ് നടന്നതായി അറിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ